# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.935 08.01.2014-ൽ മറുപടിക്ക്**

**കേരള വാട്ടർ അതോറിറ്റിയിലെ എൻ.എം.ആർ./പ്രൊവിഷണൽ ജീവനക്കാർ**

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള വാട്ടർ അതോറിറ്റിയിലെ അവശേഷിക്കുന്ന എൻ.എം.ആർ./ പ്രൊവിഷണൽ ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | 04.02.2012ലെ കെ.ഡബ്ല്യൂ.എ/ ഇ3/9487/03 കത്ത് പ്രകാരം അവേശഷിക്കുന്ന എൻ.എം.ആർ ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നതിനുള്ള ശുപാർശ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) 01.04.1984 ൽ സർവ്വീസിൽ ഉണ്ടായിരുന്നതും 01.04.1989 ൽ റഗുലറൈസ് ചെയ്യപ്പെട്ടതുമായ എൻ.എം.ആർ.ജീവനക്കാരുടെ റഗുലറൈസേഷന് മുൻകാല പ്രാബല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) മുൻകാല പ്രാബല്യം നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർ, ഡ്രാഫ്റ്റ്സ്മാൻ, ക്ലാസ് ഫോർ,എൽ.ഡി.സി, യു.ഡി.സി ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, മീറ്റർ റീഡർ, പ്ലംബർ, ഫിറ്റർ. കെമിസ്റ്റ്, ഡ്രൈവർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ പ്രമോഷന് കാലതാമസം ഏറെ ഉണ്ടാകുന്നുവെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ ക്ലാസ് ഫോർ, ഡ്രാഫ്റ്റ്സ് മാൻ, യു.ഡി.സി എന്നീ തസ്തികകളിലെ ജീവനക്കാരുടെ പ്രൊമോഷന് കാലതാമസം നേരിടുന്നുണ്ട്. ക്ലാസ് ഫോർ തസ്തികയിൽ നിന്നും എൽ.ഡി.സി. തസ്തികയിലേക്കുള്ള ട്രാൻസ്ഫർ നിയമനം പി.എസ്.സി. മുഖേനയാണ്. ഡ്രാഫ്റ്റ്സ് മാൻ തസ്തികയിലെ സീനിയോറിറ്റി സംബന്ധിച്ച കേസ് ബഹുമാനപ്പെട്ട ഹൈ ക്കോടതിയുടെ പരിഗണന |

യിലാണ്. കേസ് തീർപ്പാക്കുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി യുടെ നിർ ദ്ദേശപ്രകാരം 1992 മുതലുള്ള യൂ.ഡി.സി. സീനിയോറിറ്റി ലിസ്റ്റ് പുന: ക്രമീ കരിച്ച് 01.01.2014 ൽ പുറത്തിറക്കി. അതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്ന കാര്യം പരിഗണിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ